പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 81

03/12/2014-ൽ മറുപടിയ്ക്കു്

## ശബരിമല തീർത്ഥാടകർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. ദാസൻ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ശബരിമല തീർത്ഥാടകരുടെ സുഗമമായ യാത്രയ്ക്കും ദർശനത്തിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി ഈ വർഷം ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ; | എ) 2014-15 മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കു വേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും, ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയും മറ്റിതര സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ഏകോപിപ്പിച്ചുകൊണ്ട് താഴെ പറയുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1) മുൻവർഷങ്ങളിലേതുപോലെ തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങളും, ക്ഷേത്ര സമുച്ചയങ്ങളുടെയും മറ്റ് അനുബന്ധ കെട്ടിടങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾ.<br>2) ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ പിൽഗ്രിം സെൻററുകൾ എന്നിവയുടെ അറ്റകുറ്റപ്പ ണികൾ.<br>3) താമസ സൗകര്യത്തിനായി മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ ബുക്കിംഗ് സൗകര്യം.<br>4) വൃദ്ധർക്കും കുട്ടികൾക്കും അംഗവൈകല്യം സംഭവിച്ചവർക്കും ആയാസരഹിതമായി ദർശനം നടത്തുന്നതിനുള്ള സംവിധാനം.<br>5) കുടിവെള്ള സംഭരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ടാങ്കുകൾ.<br>6) പമ്പയിൽ പഴയ ടോയ്‌ലറ്റ് ബ്ലോക്കിന് പകരമായി പുനർനിർമ്മിച്ച രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകൾ (ഓരോ ബ്ലോക്കിലും 84 ടോയ്‌ലറ്റ്)<br>7) ശബരിമലയിൽ 120 ടോയ്‌ലറ്റുകൾ 34 കുളിമുറികൾ.<br>8) മലകയറി വരുന്ന തീർത്ഥാടകർക്കും ദർശനം കഴിഞ്ഞ് മല ഇറങ്ങുന്ന തീർത്ഥാടകർക്കും സൗകര്യപ്രദമായി ഉപയോഗിക്കാവുന്ന രീതിയിലുള്ള 48 ബയോ യൂറിനൽ യൂണിറ്റുകൾ.<br>9) പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻറോഡിലും ചന്ദ്രാനന്ദൻ റോഡിലും 10 യൂണിറ്റുകളുള്ള ബയോ ടോയ്‌ലറ്റുകൾ. |

10) പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഔഷധ കുടിവെള്ള വിതരണ സംവിധാനം.

11) ശുദ്ധജല വിതരണത്തിനും ലഘുഭക്ഷണങ്ങൾ ലഭ്യമാക്കുന്ന തിനും വേണ്ടിയുള്ള ക്രമീകരണങ്ങൾ

12) നിലയ്ക്കലിൽ രണ്ട് കുഴൽക്കിണറുകൾ

13) അന്നദാനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. പ്രധാന വഴിപാട് ഇനങ്ങളായ അപ്പം അരവണ എന്നിവ ആവശ്യത്തിന് സ്റ്റോക്ക് ചെയ്തു.

14) പമ്പയിൽ നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൻെറ വിപുലീകരണം

15) പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഓക്സിജൻ പാർളറുകളും അതിനോടനുബന്ധിച്ചുള്ള ഹെൽത്ത് കിയോസ്കുകൾ. ഒക്സിജൻ പാർലറുകളുടെ എണ്ണം വർദ്ധിപ്പിച്ചു.

16) അപ്പാച്ചിമേട് നീലിമല എന്നിവിടങ്ങളിലെ കാർഡിയോളജിക് സെൻററുകളിൽ ഡോക്ടർമാരുടെ സേവനവും ആവശ്യമായ ഉപകരണങ്ങളും ഏർപ്പെടുത്തി.

17) പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ അത്യാധുനിക സൗകര്യ ങ്ങളോടുകൂടി ആംബുലൻസ് സർവ്വീസ്.

18) പമ്പ ശബരിമല റൂട്ടിലും പമ്പ മുതൽ പ്ലാപ്പള്ളി വരെയും നിലയ്ക്കലിലും കൂടാതെ മറ്റ് വാഹന പാർക്കിംഗ് സ്ഥലങ്ങളിലും ആവശ്യമായ വെളിച്ച സംവിധാനം.

19) നിലയ്ക്കലും പമ്പയിലും വാഹന പാർക്കിംഗിനായി വിപുലമായ ക്രമീകരണങ്ങൾ.

20) കാനനപാതയിൽ കൂടുതൽ ബാരിക്കേടുകൾ.

21) പമ്പാ നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള തുണി, എക്കൽ, തുടങ്ങിയ മാലിന്യങ്ങൾ നിക്കം ചെയ്യൽ.

22) കുളിക്കടവുകളിൽ 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ.

23) സന്നിധാനത്ത് പുതിയ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്.

24) സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി.

25) ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി പമ്പയിൽ പുതിയ ആശുപത്രി സമുച്ചയം.

26) പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തലുകൾ

27) ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളെല്ലാം അറ്റകുറ്റ പ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കി.

28) എരുമേലിയിൽ നിന്നുള്ള യാത്രക്ലേശത്തിന് പരിഹാരമാകുന്ന കണമലപ്പാലം ഡിസംബറിൽ പൂർത്തിയാകും.

| | | | |
|---|---|---|---|
| ബി) | ക്യൂ കോംപ്ലക്സുകളുടെ വിപുലീകരണം നടത്തിയോ; എങ്കിൽ അതിന്റെ വിശ ദാംശം അറിയിക്കാമോ; | ബി) | മരക്കൂട്ടം മുതൽ ശരംകുത്തിവരെയുള്ള മൂന്ന് ക്യൂകോംപ്ലക്സുകളുടെ ടെൻഡർ വിളിച്ച് കരാർ ഉറപ്പിച്ചിട്ടുള്ളതും പണികൾ നടന്നുകൊണ്ടിരിക്കുന്നതു മാണ്. |
| സി) | ശബരിമലയിലേക്കുള്ള റോഡു കൾ ഗതാഗതയോഗ്യമാക്കണ മെന്ന് ഹൈക്കോടതി നിർദ്ദേ ശിച്ചിരുന്നോ; സർക്കാർ സംവിധാനം പരാജയപ്പെ ട്ടിട്ടുണ്ടോ; കാരണം വിലയിരു ത്തിയോ; | സി) | നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ സർക്കാർ സംവിധാനം പരാജയപ്പെട്ടിട്ടില്ല. റോഡുകളുടെ അറ്റകുറ്റ പണികൾ ക്കായി 2014 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കൊല്ലം എന്നീ അഞ്ച് ജില്ലകളിലായി 60 കോടി രൂപ ചെലവുവരുന്ന 589 പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. |
| ഡി) | റോഡു നിർമ്മാണത്തിലെ നിലവാരമില്ലായ്മയാണ് വർഷാ വർഷം വൻ തുക റോഡു നന്നാക്കാനായി ചെലവിടേ ണ്ടിവരുന്നതിനു കാരണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത്തരം കരാറുകാരിൽ നിന്ന് ഖജനാവിന് വരുന്ന നഷ്ടം ഈടാക്കാൻ നടപടി സ്വീകരി ക്കുമോയെന്ന് വിശദമാ ക്കുമോ? | ഡി) | ഇക്കാര്യത്തിൽ ദേവസ്വം വകുപ്പ് പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ